## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 227 — 18.3.2013 ൽ മറുപടി നൽകേണ്ടിയിരുന്നത്

### ഒളിപ്പോരാളികളെ നേരിടുന്നതിനുള്ള പരിശീലനം

**ചോദ്യം** — **ഡോ: കെ.ടി. ജലീൽ:**

**മറുപടി** — **തിരുവഞ്ചൂർ രാധാകൃഷ്ണൻ**

(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)

| | |
|---|---|
| എ) കുളത്തുപ്പുഴ വനത്തിൽ, ഒളിപ്പോരാളികളെയും മറ്റും നേരിടുന്നതിനുള്ള ജംഗിൾ പരിശീലനം പോലീസ് സേനയിലുള്ളവർക്ക് നൽകുകയുണ്ടായോ; | എ) നല്കുകയുണ്ടായി. |
| ബി) ട്രെയിനികളുടെ പരിശീലനം നടന്നത് എന്നായിരുന്നു; സമാപനചടങ്ങിനോടനുബന്ധിച്ച് നടന്ന അഭ്യാസങ്ങൾക്കിടയിൽ ഏതെങ്കിലും ട്രെയിനി ആർക്കെങ്കിലും നേരെ തോക്ക് ചൂണ്ടുകയുണ്ടായോ; വിശദമാക്കാമോ; | ബി) എസ്.എ.പി ക്യാമ്പിൽ പരിശീലനത്തിൽ കഴിഞ്ഞു വന്നിരുന്ന D&G കമ്പനികളിലെ Recruit Training Police Constables വിഭാഗത്തിൽപ്പെട്ട 298 പേർക്ക് 26.2.2013 മുതൽ 2.3.2013 വരെ കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ ലോറിക്കടവ് വനപ്രദേശത്ത് വച്ച് ജംഗിൾ ട്രെയിനിംഗ് നൽകുകയും 2.3.2013 നു ജംഗിൾ ട്രെയിനിംഗിന്റെ സമാപനത്തോട് അനുബന്ധിച്ചുള്ള പരിപാടികളും അഭ്യാസ പ്രകടനങ്ങളും നടത്തുകയുണ്ടായി. സമാപന പരിപാടികളിൽ ആംഡ് പോലീസ് ബറ്റാലിയൻ എ.ഡി.ജി.പി ശ്രീമതി. സന്ധ്യ ഐ.പി.എസ്, ആംഡ് പോലീസ് ബറ്റാലിയൻ, ഡി.ഐ.ജി ശ്രീ.വിജയശ്രീകുമാർ ഐ.പി.എസ്, എസ്.എ.പി കമാണ്ടന്റ് ശ്രീ. കെ.കെ. ബാലചന്ദ്രൻ, ഐ.പി.എസ് എന്നിവർ പങ്കെടുക്കുകയുണ്ടായി. തുടർന്ന് തീവ്രവാദികളും പോലീസും തമ്മിലുള്ള ഏറ്റുമുട്ടൽ പരിശീലനത്തിന്റെ Demonstration കാണിക്കുകയും Blank Ammunition ഉപയോഗിച്ച് വെടി വയ്ക്കുകയും ചെയ്തു. Demonstration ചെയ്തു കൊണ്ടിരുന്ന റിക്രൂട്ട് പോലീസുകാർ Point 303 Rifle, പരിപാടികൾ കണ്ടു കൊണ്ടിരുന്ന എ.പി ബറ്റാലിയൻ (ADGP) ശ്രീമതി. സന്ധ്യ ഐ.പി.എസും മറ്റും ഇരുന്ന ഡയസിന്റെ ഭാഗത്തേക്ക് ചൂണ്ടുകയുണ്ടായി. |

| | |
|---|---|
| സി) തോക്കു ചൂണ്ടിയ സംഭവത്തെ തുടർന്ന് സമാപന ചടങ്ങിൽ പങ്കെടുക്കാതെ പോയവർ ആരൊക്കെ; | സി)സംഭവത്തെ തുടർന്ന് സമാപന ചടങ്ങിൽ പങ്കെടുക്കാതെ ആരും പോയിട്ടില്ല. |
| ഡി) സംഭവം സംബന്ധിച്ച് മുഖ്യമന്ത്രിയ്ക്കോ, ആഭ്യന്തര വകുപ്പ് മന്ത്രിയ്ക്കോ ഡി.ജി.പിയ്ക്കോ പരാതികൾ ലഭിക്കുകയുണ്ടായോ; ആരിൽ നിന്നെല്ലാം പരാതികൾ ലഭിക്കുകയുണ്ടായി; വിശദമാക്കാമോ? | ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ